"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - മലപ്പുറം ജില്ലാ പഞ്ചായത്ത് - 2022-23 വർഷം കുടുംബശ്രീ അംഗങ്ങൾക്ക് മെൻസ്ട്രുവൽ കപ്പ് വിതരണം ചെയ്യുന്നതിന് കുടുംബശ്രീ ജില്ലാ മിഷൻ കോഓർഡിനേറ്റർ മുഖേന പ്രോജക്ട് നടപ്പാക്കിയതിന് സാധൂകരണം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1088/2024/LSGD തീയതി,തിരുവനന്തപുരം, 20-06-2024

---

പരാമർശം:-

1. സ.ഉ.(കൈ) നം.115/2022/തസ്വഭവ, തീയതി 28.05.2022
2. മലപ്പുറം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 08.09.2023-ലെ DP/MPM/32/2023 നമ്പർ കത്തും മലപ്പുറം ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 23.08.2023-ലെ 16(1)-ാം നമ്പർ തീരുമാനവും
3. മലപ്പുറം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 18.12.2023-ലെ P5-1086/23 നമ്പർ കത്ത്.
4. തദ്ദേശ സ്വയംഭരണ വകുപ്പ് റൂറൽ ഡയറക്ടറുടെ 20.01.2024ലെ LSGD/1466/2023-DPLA1 നമ്പർ റിപ്പോർട്ട്
5. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 06.03.2024-ന് നടന്ന യോഗത്തിന്റെ തീരുമാനം 2.1 ഖണ്ഡിക 4.16

**<u>ഉത്തരവ്</u>**

എല്ലാ വിഭാഗം വനിതകൾക്കും 100 ശതമാനം സബ്സിഡിയിൽ മെൻസ്ട്രുവൽ കപ്പ് നൽകുന്നതിനായുള്ള പ്രോജക്ട് ഏറ്റെടുക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണസ്ഥാപനങ്ങൾക്കും പരാമർശം 1 മാർഗ്ഗരേഖ പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

2. മലപ്പുറം ജില്ലാ പഞ്ചായത്ത് 2022-23 വർഷം ജില്ലയിലെ കുടുംബശ്രീ അംഗങ്ങൾക്ക് മെൻസ്ട്രുവൽ കപ്പ് വിതരണം ചെയ്തിരുന്നു. കുടുംബശ്രീ ജില്ലാ മിഷൻ കോഓർഡിനേറ്റർ മുഖേന നടപ്പാക്കിയ ഈ പ്രോജക്ടിന് വകയിരുത്തിയ മുഴുവൻ തുകയും ചെലവഴിച്ചു. പരാമർശിത മാർഗ്ഗരേഖ പ്രകാരം ഈ പ്രോജക്ട് ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർമാർ മുഖേനയാണ് നടപ്പാക്കേണ്ടത് എന്നിനാൽ കുടുംബശ്രീ ജില്ലാ മിഷൻ കോഓർഡിനേറ്റർ മുഖേന ഈ പ്രോജക്ട് നടപ്പാക്കിയതിന് സാധൂകരണം നൽകണമെന്ന് മലപ്പുറം ജില്ലാ പഞ്ചായത്ത് പരാമർശം 2, 3 പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

3. പദ്ധതിക്ക് സാങ്കേതികമായി ആരോഗ്യ വകുപ്പുമായി ബന്ധമില്ല എന്ന് ചൂണ്ടിക്കാട്ടി പദ്ധതി നടത്തിപ്പിൽ നിന്ന് തന്നെ ഒഴിവാക്കണം എന്നും, പദ്ധതിയുടെ നിർവഹണ ഉദ്യോഗസ്ഥനായി കുടുംബശ്രീ മിഷൻ ജില്ലാ കോഓർഡിനേറ്ററെയോ ജില്ലാ വനിതാ ശിശു വികസന

ഓഫീസറെയോ നിയോഗിക്കണമെന്നും ജില്ലാ മെഡിക്കൽ ഓഫീസർ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് കുടുംബശ്രീ ജില്ലാ മിഷൻ കോഓർഡിനേറ്റർ മുഖേന പ്രോജക്ട് നടപ്പാക്കിയതെന്നും, സ്ത്രീശാക്തീകരണ രംഗത്തും മാലിന്യ നിർമാർജ്ജന രംഗത്തും കൃത്യമായ പരിശീലനം നൽകി നിരവധി പദ്ധതികൾ നടപ്പിലാക്കി വിജയിച്ചുവെന്നതിനാലാണ് സ്ത്രീകൾക്ക് ഭൗതിക സാമ്പത്തിക നേട്ടവും മാലിന്യ പ്രശ്നങ്ങൾക്ക് പരിഹാരമാവുമെന്ന നിലയിൽ കുടുബശ്രീ മുഖേന പദ്ധതി നടപ്പാക്കിയതെന്നും പദ്ധതി നടപ്പാക്കുന്നതിന് മുന്നോടിയായി കുടുംബശ്രീ കമ്മ്യൂണിറ്റി കൗൺസിലർമാർക്ക് മെഡിക്കൽ ഓഫീസർ മുഖേന പരിശീലനം നൽകിയിരുന്നെന്നും അവർ ഗുണഭോക്താക്കൾക്ക് പരിശീലനം നൽകിയിട്ടുണ്ടെന്നും അതിനാൽ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി ജില്ലാ പഞ്ചായത്ത് പദ്ധതി ഏറ്റെടുത്തതിന് സാധൂകരണം നൽകാവുന്നതാണെന്നും റൂറൽ ഡയറക്ടർ പരാമർശം 4 പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. പരാമർശിത യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മെൻസ്ട്രുവൽ കപ്പിന്റെ വിശ്വാസ്യതയും, ഉപയോഗിക്കുന്നത് സംബന്ധിച്ച സംശയ നിവാരണത്തിനും, വിവിധ അളവുകൾ വാങ്ങുന്നത് സംബന്ധിച്ചും ഉപയോഗിക്കുന്നവരുടെ ആരോഗ്യസ്ഥിതി സംബന്ധിച്ചും ബോധവൽക്കരണം ആവശ്യമാണെന്ന് സർക്കാർ വിലയിരുത്തിയതിന്റെ ഭാഗമായാണ് ഇത് ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർമാർ മുഖേന തന്നെ നടപ്പാക്കണമെന്ന് മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുള്ളത്. UPHC/FHC/PHC/CHC ഡോക്ടർമാരുടെ നേതൃത്വത്തിൽ ബോധവൽക്കരണം നടത്തണമെന്ന് മാർഗ്ഗരേഖയിൽ പ്രത്യേകം നിർദ്ദേശിച്ചിരുന്നതാണ്. ഒപ്പം ഈ പ്രോജക്ട് ഗ്രാമപഞ്ചായത്തുകൾ/ നഗരസഭകൾ മുഖേന നടപ്പാക്കണമെന്നാണ് മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിരുന്നത്. എന്നാൽ മാർഗ്ഗരേഖയ്ക്ക് വിപരീതമായി മെഡിക്കൽ ഓഫീസർക്ക പകരം കുടുംബശ്രീ ജില്ലാ മിഷൻ കോഓർഡിനേറ്റർ മുഖേന നിർവ്വഹണം നടത്തുക, ഗ്രാമപഞ്ചായത്തിനു പകരം ജില്ലാ പഞ്ചായത്ത് നിർവ്വഹണം നടത്തുക എന്നീ രീതികൾ ജില്ലാ പഞ്ചായത്ത് സ്വീകരിച്ചത് വീഴ്ചയാണ്. എന്നിരുന്നാലും പദ്ധതി പൂർത്തിയാക്കിയത് കണക്കിലെടുത്ത്, ഇത്തരം വീഴ്ചകൾ ഇനി ആവർത്തിക്കരുതെന്ന കർശന നിർദ്ദേശത്തോടെ, മലപ്പുറം ജില്ലാ പഞ്ചായത്ത് 2022-23 വർഷം ജില്ലയിലെ കുടുംബശ്രീ അംഗങ്ങൾക്ക് മെൻസ്ട്രുവൽ കപ്പ് വിതരണം ചെയ്യുന്നതിന് കുടുംബശ്രീ ജില്ലാ മിഷൻ കോഓർഡിനേറ്റർ മുഖേന പ്രോജക്ട് (പ്രോ.നം: 154/23) നടപ്പാക്കിയതിന് സാധൂകരണം നൽകി ഉത്തരവാകുന്നു. ഭാവിയിൽ ഇതു സംബന്ധിച്ച് മാർഗ്ഗരേഖയിലെ മാനദണ്ഡം കർശനമായി പാലിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MANOJ T

ജോയിന്റ് സെക്രട്ടറി

1. പ്രസിഡന്റ്/സെക്രട്ടറി, മലപ്പുറം ജില്ലാ പഞ്ചായത്ത് - 676505
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
3. ജില്ലാ പ്ലാനിംഗ് ഓഫീസർ, മലപ്പുറം
4. ജോയിന്റ് ഡയറക്ടർ, മലപ്പുറം (തദ്ദേശസ്വയംഭരണ വകുപ്പ്)
5. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
6. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
7. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
8. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
9. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്

10. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 20-06-2024 15:19:20

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്